"ഭരണഭാഷ- മാതൃഭാഷ"

150 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

ആരോഗ്യ കുടുംബക്ഷേമ വകുപ്പ് - ആരോഗ്യ വകുപ്പ് - ജീവനക്കാര്യം - ഡോ.രേഖ.ആർ, ജൂനിയർ കൺ സൾ ട്ടന്റ് (ഒഫ്ത്താൽമോളജി) ബഹു:ട്രൈബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത OA 1164/2023-ന്മേലുള്ള 03.07.2023-ലെ ബഹു. ട്രിബ്യൂണലിന്റെ ഉത്തരവ് അനുപാലിച്ചുകൊണ്ട് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആരോഗ്യ കുടുംബക്ഷേമ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.2640/2023/H&FWD തീയതി,തിരുവനന്തപുരം, 11-10-2023

---

പരാമർശം:-

1. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 15.06.2023-ലെ ഇ.എ1-5160/2023/ആവഡ നമ്പർ നടപടിക്രമം
2. ഡോ.രേഖ.ആർ, ജൂനിയർ കൺസൾട്ടന്റ് (ഒഫ്ത്താൽമോളജി) സമർപ്പിച്ച 22.06.2023 തീയതിയായ അപ്പീൽ അപേക്ഷ (Annexure A7)
3. OA 1164/2023-ന്മേലുള്ള ബഹു:ട്രൈബ്യൂണലിന്റെ 03.07.2023-ലെ ഉത്തരവ്.
4. സ.ഉ (സാധാ) നം.1984/2023/ആകുവ തീയതി 05.08.2023.

**ഉത്തരവ്**

ആരോഗ്യ വകുപ്പിലെ ജൂനിയർ കൺസൾട്ടന്റ്മാരുടെ പരാമർശം (1) നടപടിക്രമം പ്രകാരം പുറപ്പെടുവിച്ച 2023 പൊതുസ്ഥലംമാറ്റത്തിൽ സ്ഥലം മാറ്റത്തിനായി പരിഗണിക്കാത്തതിനെതിരെ ഒഫ്ത്താൽമോളജി വിഭാഗം ജൂനിയർ കൺസൾട്ടന്റ് ഡോ.രേഖ.ആർ. ആരോഗ്യ കുടുംബക്ഷേമ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി മുമ്പാകെ പരാമർശം (2) അപ്പീൽ സമർപ്പിക്കുകയും, ബഹു:ട്രൈബ്യൂണൽ മുമ്പാകെ OA(EKM) No.1164/2023 ഫയൽ ചെയ്യുകയും ഉണ്ടായി. പരാമർ ശം (3) ഉത്തരവ് പ്രകാരം അപേക്ഷകയെയും ബന്ധപ്പെട്ട കക്ഷികളെയും നേരിൽ കേൾക്കുന്നതിനും പരാമർ ശം (2) അപ്പീൽ അപേക്ഷ പരിഗണിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നതിനും ബഹു:കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ ഒന്നാം എതിർകക്ഷിയായ സർക്കാരിനെ പ്രതിനിധീകരിക്കുന്ന ആരോഗ്യ കുടുംബക്ഷേമ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിക്ക് നിർദ്ദേശം നൽകിയിരുന്നു.

491782

GOVERNMENT OF KERALA 2017-18

2) സ്പെഷ്യാലിറ്റി കേഡറിലെ മെഡിക്കൽ ഓഫീസർമാരുടെ 2023 പൊതുസ്ഥലം മാറ്റത്തിനെതിരെ ബഹു:ട്രൈബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത കേസുകളിന്മേലുള്ള ബഹു:ട്രൈബ്യൂണലിന്റെ നിർദ്ദേശം അനുപാലിക്കുന്നതിന്റെ ഭാഗമായി പരാമർശം ( 4 ) പ്രകാരം രൂപീകൃതമായ കമ്മിറ്റി 18.08.2023-ൽ അപേക്ഷകയെ നേരിൽ കേൾക്കുകയും അപേക്ഷക സമർപ്പിച്ച പരാമർശം ( 2 ) അപ്പീൽ അപേക്ഷ പരിശോധിക്കുകയും ചെയ്തിരുന്നു.

3)08.03.2019 മുതൽ പത്തനംതിട്ട ജനറൽ ആശുപത്രിയിൽ ജോലി നോക്കി വരുന്നുവെന്നും, 2023-ലെ പൊതുസ്ഥലംമാറ്റത്തിൽ തിരുവനന്തപുരം, കൊല്ലം ജില്ലകളിലെ അഞ്ച് സ്ഥാപനങ്ങളിലേയ്ക്ക് സ്ഥലംമാറ്റത്തിനായി അപേക്ഷ സമർപ്പിച്ചിരുന്നുവെങ്കിലും, കരട് സ്ഥലംമാറ്റ പട്ടികയിൽ ഉൾപ്പെടുത്താതിരുന്നതിനാൽ ആരോഗ്യ വകുപ്പ് ഡയറക്ടർ മുമ്പാകെ അപ്പീൽ സമർപ്പിച്ചുവെങ്കിലും, അന്തിമ ഉത്തരവിലും ഉൾപ്പെടുത്തിയിരുന്നില്ല എന്നും, ആയതിനാൽ ഓപ്ഷൻ നൽകിയ സ്ഥാപനങ്ങളിലേയ്ക്ക് സ്ഥലംമാറ്റത്തിനായി പരിഗണിക്കണമെന്നും പരാമർശം ( 2 ) അപ്പീൽ അപേക്ഷയിൽ ടിയാൾ ആവശ്യപ്പെടുകയുണ്ടായി.

4 ) കമ്മിറ്റി ടി വിഷയം വിശദമായി പരിശോധിക്കുകയുണ്ടായി. അപേക്ഷക സ്ഥലംമാറ്റം ആവശ്യപ്പെട്ട കൊല്ലം ജില്ലാ ആശുപത്രി, വർക്കല താലൂക്ക് ആസ്ഥാന ആശുപത്രി, തിരുവനന്തപുരം ജനറൽ ആശുപത്രി എന്നീ സ്ഥാപനങ്ങളിൽ നിയമനം നൽകിയിരിക്കുന്നത് പൊതുസ്ഥലംമാറ്റ മാനദണ്ഡ പ്രകാരം ടിയാളെക്കാൾ കൂടുതൽ അർഹതയുള്ളവരെയാണ്. അപേക്ഷയിലെ മറ്റ് സ്ഥാപനങ്ങളായ കൊട്ടാരക്കര താലൂക്ക് ആസ്ഥാന ആശുപത്രി, പുനലൂർ താലൂക്ക് ആസ്ഥാന ആശുപത്രി എന്നിവിടങ്ങളിൽ പൊതുസ്ഥലംമാറ്റത്തിനായി പരിഗണിക്കാവുന്ന ആരും തന്നെ ഉണ്ടായിരുന്നില്ല. ആയതിനാൽ ടിയാളുടെ അപേക്ഷയിലെ ആവശ്യം കണക്കിലെടുത്ത് ടിയാൾ ആവശ്യപ്പെട്ട സ്ഥാപനങ്ങളിൽ ജൂനിയർ കൺസൽട്ടന്റ് (ഒഫ്ത്താൽമോളജി) തസ്തികയിൽ തൊട്ടടുത്ത് ഉണ്ടാകുന്ന ഒഴിവിൽ അപേക്ഷകയുടെ അർഹത പരിശോധിച്ച് നിയമനം നൽകാവുന്നതാണെന്ന് കമ്മിറ്റി ശിപാർശ ചെയ്തു.

5 ) മേൽ സാഹചര്യത്തിൽ, കമ്മിറ്റിയുടെ തീരുമാനം അംഗീകരിച്ചു കൊണ്ട് ഒഫ്ത്താൽമോളജി വിഭാഗം ജൂനിയർ കൺസൽട്ടന്റ് ഡോ.രേഖ.ആർ. സ്ഥലംമാറ്റത്തിനായി അപേക്ഷ സമർപ്പിച്ച സ്ഥാപനങ്ങളിൽ ജൂനിയർ

കൺസൽട്ടന്റ് (ഒഫ്ത്താൽമോളജി) തസ്തികയിൽ തൊട്ടടുത്ത് ഉണ്ടാകുന്ന ഒഴിവിലേക്ക് അപേക്ഷകയുടെ അർഹതക്കനുസരിച്ച് ടിയാളെ പരിഗണിക്കുന്നതിന് ആരോഗ്യ വകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നൽകിക്കൊണ്ട് പരാമർശം (2) പ്രകാരം സമർപ്പിച്ച അപ്പീൽ അപേക്ഷ തീർപ്പാക്കി ഉത്തരവാകുന്നു.

6 ) ബഹു:കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ OA 1164/2023-മേലുള്ള 03.07.2023-ലെ ഉത്തരവ് ഇപ്രകാരം അനുപാലിച്ചുകൊള്ളുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SREEJITH V P
ജോയിന്റ് സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ, തിരുവനന്തപുരം. (ആമുഖ കത്ത് സഹിതം)

ആരോഗ്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം

ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം), പത്തനംതിട്ട.
ഡോ.രേഖ.ആർ, ജൂനിയർ കൺസൽട്ടന്റ് (ഒഫ്ത്താൽമോളജി), "വൈശാഖം",TKMC, പേരൂർ.പി.ഒ., കൊല്ലം - 691 005.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരളം, തിരുവനന്തപുരം.
സ്റ്റോക്ക് ഫയൽ.

ഉത്തരവിൻ പ്രകാരം
Signed by
R Renuka
സെക്ഷൻ ഓഫീസർ Date: 12-10-2023 11:36:47

മേലെഴുത്ത് നം. ഇ.എ1- 5160/2023/ആ.വ.ഡ, തീയതി 12.10.23 സർക്കാർ ഉത്തരവിന്റെ പകർപ്പ് അറിവിലേയ്ക്കും മേൽ നടപടികൾക്കുമായി വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നു.

ആ.വ.ഡയ്ക്ക് വേണ്ടി

91785

GOVERNMENT OF KERALA 2017-18